9822
28/4/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - അന്തരിച്ച നാടകാചാര്യൻ പി.കെ.വേണുക്കുട്ടൻ നായരുടെ ഭാര്യ ശ്രീമതി.ആശയ്ക്ക് (സവിധം, എ.ആർ.എ.96, ആറ്റുകാൽ, മണക്കാട്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3,95,943/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(കൈയ്യെഴുത്ത്) നം:135/17/റവ.** **തിരുവനന്തപുരം, തീയതി, 25/04/2017**

പരാമർശം: ശ്രീമതി.കെ.ആശ, സവിധം, മണക്കാട് പി.ഒ., തിരുവനന്തപുരം-യുടെ 22.02.2017-ലെ അപേക്ഷ.

**ഉത്തരവ്**

അന്തരിച്ച നാടകാചാര്യൻ പി.കെ.വേണുക്കുട്ടൻ നായരുടെ ഭാര്യ ശ്രീമതി.ആശ കെ.എസ്.എഫ്.ഇ.- ൽ നിന്നും എടുത്ത വായ്പ കുടിശ്ശികയായതിനാൽ, വായ്പാ കുടിശ്ശിക അടച്ച് ജപ്തി നടപടി ഒഴിവാക്കുന്നതിന് ശ്രീമതി.ആശയ്ക്ക് **3,95,943/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തി മൂന്ന് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി **3,95,943/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തി മൂന്ന് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും കളക്ടർ ടി തുക അടിയന്തിരമായി ശ്രീമതി.ആശക്ക് നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: പൊതുഭരണ (എസ്.സി) വകുപ്പ് *(20/04/2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 956-O.A. (പ്രകാരം).*

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-04-2017

ഇനം നം: 955

O.A.

വിഷയം : റവന്യൂ വകുപ്പ് - നാടകാചാര്യനായിരുന്ന അന്തരിച്ച പി.കെ. വേണുക്കുട്ടൻ നായരുടെ ഭാര്യ ശ്രീമതി ആശയ്ക്ക് ധനസഹായം.

തീരുമാനം : നാടകാചാര്യനായിരുന്ന അന്തരിച്ച പി.കെ. വേണുക്കുട്ടൻ നായരുടെ ഭാര്യ ശ്രീമതി ആശ കെ.എസ്.എഫ്.ഇ.-യിൽ നിന്നും എടുത്ത വായ്പ കുടിശ്ശികയായതിനാൽ ജപ്തി നടപടി നേരിടുകയാണെന്നും ധനസഹായം നൽകണമെന്നും അപേക്ഷിച്ചിരുന്നു. വേണുക്കുട്ടൻ നായരുടെ നാടക കലാരംഗത്തെ സംഭാവനകൾ പരിഗണിച്ച് വായ്പാ കുടിശ്ശിക അടച്ച് ജപ്തി നടപടി ഒഴിവാക്കുന്നതിലേയ്ക്കായി ശ്രീമതി ആശയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,95,943/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തിമൂന്ന് രൂപ) ധനസഹായമായി അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)

പിണറായി വിജയൻ

മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Put up. 11/6

21/4/17

നളിനി നെറ്റോ

ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

നം. ജി. 161204079/സിഎംഒ

19 ഏപ്രിൽ 2017

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നാടകാചാര്യനായിരുന്ന അന്തരിച്ച ശ്രീ. പി.കെ. വേണുക്കുട്ടൻ നായരുടെ ഭാര്യ ശ്രീമതി ആശ. കെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത അപേക്ഷകയ്ക്ക് ബന്ധുവിന്റെ വസ്തു ഈടിന്മേൽ കെ.എസ്.എഫ്.ഇ.യിൽ നിന്നും 3 ലക്ഷം രൂപ വായ്പയെടുക്കേണ്ടി വന്നുവെന്നും തിരിച്ചടവ് മുടങ്ങിയതിനാൽ വസ്തു ജപ്തിഭീഷണിയിലാണെന്നും വിവരിച്ചിരുന്നു. കലയ്ക്കും നാടകപ്രവർത്തനങ്ങൾക്കുമായി ജീവിതം ഉഴിഞ്ഞുവെച്ചും സമ്പത്ത് പാഴാക്കിയും ജീവിച്ച നാടക കലാകാരനായിരുന്ന ഭർത്താവിന്റെ കലാരംഗത്തെ സംഭാവനകൾ പരിഗണിച്ച് സർക്കാർ സഹായമാണ് അപേക്ഷക അഭ്യർത്ഥിച്ചിരുന്നത്.

കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടറോട് സർക്കാർ റിപ്പോർട്ട് തേടിയപ്പോൾ ഇവരുടെ വായ്പാതുക 3,95,943 രൂപയ്ക്ക് പ്രത്യേക നിരക്കിൽ തീർപ്പാക്കാനാവുമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ഇവരുടെ വായ്പ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് തീർപ്പാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ശ്രീമതി ആശയ്ക്ക് കെ.എസ്.എഫ്.ഇ-യിൽ വായ്പാകുടിശ്ശിഖ തീർക്കുന്നതിലേക്ക് പ്രത്യേക കേസായി പരിഗണിച്ച് നാല് ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

501
19/4/17

19/4

എം. ശിവശങ്കർ ഐ.എ.എസ്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
മുഖ്യമന്ത്രിയുടെ ഓഫീസ്